ഉത്തരം

(എ) രണ്ടാം വർഷ ഹയർ സെക്കൻഡറി കോഴ്സിലെ കമ്പ്യൂട്ടർ തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ 2003 മുതൽ കേന്ദ്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ സി-ഡാക് ആണ് നടത്തി വരുന്നത്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2003-04, 2004-05 അദ്ധ്യയന വർഷങ്ങളിൽ യഥാക്രമം 11,76,875, 10,82,500 രൂപ എന്നിങ്ങനെ കൊടുത്തിട്ടുണ്ട്. 2005-2006 വർഷത്തെ പ്രതിഫലം ഇതുവരെ നൽകിയിട്ടില്ല.

ഓപ്പൺ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നവർ

5 [302] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളുകളിൽ നിലവിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലുമായി എത്ര പേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരും തസ്തികയും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഇവരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവർ എത്രയാണ്;

(ഡി) പത്രപ്പരസ്യം വഴി നിയമനം നേടിയവർ എത്രയാണ്;

(ഇ) ഇവർക്ക് സ്ഥിരനിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും ആകെ 64 പേർ ജോലി ചെയ്തുവരുന്നു.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടില്ല.

(ഡി) അഞ്ചു പേർ

(ഇ) ഇല്ല.

2004-ൽ അനുവദിച്ച ബാച്ചുകളിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ നടപടി

6 [303] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ 2004 ആഗസ്റ്റ് മാസത്തിൽ അനുവദിച്ച ബാച്ചുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇവർക്ക് ശമ്പളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) 20-7-2004-ലെ ജി.ഒ. (എം.എസ്.) നമ്പർ 227/2004/പൊ.വി.വ ഉത്തരവ് പ്രകാരം 60 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി. പ്രസ്തുത ബാച്ചുകൾ ഗവൺമെന്റ് അനുവദിച്ചത് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമാണ്:

(1) ഈ അധിക ബാച്ചുകൾക്ക് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യതയും പാടില്ല.

(2) കെട്ടിടം, ഫർണിച്ചർ അധികമായി വരുന്ന ലാബ് ഉപകരണങ്ങൾ തുടങ്ങിയവ പി. ടി. എ. ലഭ്യമാക്കണം.

(3) നിലവിലുള്ള അദ്ധ്യാപകർ ഈ അധികബാച്ചിലെ കുട്ടികളെയും പഠിപ്പിക്കണം. അദ്ധ്യാപകരുടെ എണ്ണമോ മറ്റ് കാര്യങ്ങളോ ഈ ബാച്ച് അനുവദിക്കുന്നതുമൂലം വർദ്ധിപ്പിക്കുന്നതല്ല.

മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് തലത്തിൽ നടപടികൾ ഒന്നുംതന്നെ സ്വീകരിക്കേണ്ടതായില്ല.

+2 ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ നിയമനം ലഭിച്ചവർ

7 [304] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, സി. ടി. അഹമ്മദ് അലി:
,, ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം +2 (ഹയർ സെക്കണ്ടറി) സ്ക്കൂളുകളിൽ പി.എസ്.സി.-യിൽ നിന്ന് എത്ര നിയമനം നടത്തിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം നിയമിതരായവരുടെ പട്ടിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly